(എ) ഉപഗ്രഹസഹായത്തോടെ മത്സ്യസമ്പത്ത് കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഹൈദരാബാദിലെ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മത്സ്യക്കൂട്ടങ്ങളുടെ ഉറവിടം, അവയുടെ ചലനങ്ങൾ ഏത് ദിശയിലേയ്ക്കാണ്, എത്ര ദിവസംവരെ ഉദ്ദേശിക്കുന്ന സ്ഥലത്ത് മത്സ്യസമ്പത്ത് ലഭ്യമാക്കും തുടങ്ങിയ വിവരങ്ങൾ വിശദമായ മാപ്പിന്റെ രൂപത്തിൽ ശേഖരിച്ച് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത വിവരങ്ങൾ ഡീ കോഡ് ചെയ്ത് മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലാകത്തക്ക രീതിയിൽ, ഫിഷറീസ് വകുപ്പിൽ ഇപ്പോൾ ഏർപ്പെടുത്തി വരുന്ന വയർലസ് സംവിധാനം വഴി മത്സ്യഭവനുകളിൽ എത്തിക്കുവാൻ കഴിയും. വയർലസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഉപഗ്രഹ സഹായത്തോടെ മത്സ്യസമ്പത്ത് കണ്ടെത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ആഴക്കടൽ മത്സ്യസമ്പത്ത്

4 (*284) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരത്തിനടുത്തുള്ള ആഴക്കടലിലെ മത്സ്യ സമ്പത്ത് കണ്ടുപിടിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ഇപ്പോഴുള്ള സംവിധാനം വികസിപ്പിക്കാനും നവീകരിക്കാനും പദ്ധതിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിലേക്കുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) കേരള തീരത്തിന്റെ തൊട്ടടുത്ത ആഴക്കടലിൽ നിന്ന് വിദൂര രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികൾ നവീന മത്സ്യബന്ധന ബോട്ടുകളുമായി വന്ന് മത്സ്യം പിടിച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി : (ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ,

(എ) ഹൈദരാബാദിലെ റിമോട്ട് സെൻസിംഗ് ഏജൻസി വഴി ലഭിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ് ആഴക്കടൽ മത്സ്യ സമ്പത്ത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നത്.

(ബി&സി) ആഴക്കടൽ മത്സ്യബന്ധനം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപെടുന്ന കാര്യമാകയാൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

ശ്രീമതി ആർ. ലതാദേവി : ഫിഷറീസ് വകുപ്പിൽ ഏർപ്പെടുത്തിവരുന്ന വയർലസ്സ് സംവിധാനം എല്ലാ മത്സ്യഭവനുകളിലും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അതിനുള്ള നടപടി എന്നത്തേക്ക് പൂർത്തീകരിക്കും ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തിരുവനന്തപുരം മുതൽ എറണാകുളം വൈപ്പിൻ വരെയുള്ള കടലോര മേഖലയിൽ വയർലെസ്സ് സംവിധാനം ആരംഭിച്ചുകഴിഞ്ഞു. ഇതിനായി പൊൻമുടിയിലും കൂടയത്തൂരും ഹിൽടോപ്പ് റിപ്പീറ്റർ സ്റ്റേഷൻസ്സും വികാസ്ഭവൻ, ആലപ്പുഴ, വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ എന്നിവിടങ്ങളിൽ അഞ്ചുതീരദേശ റിപ്പീറ്റർ സ്റ്റേഷൻസും തിരുവനന്തപുരം ജില്ലയിൽ 18 ഉം കൊല്ലം ജില്ലയിൽ 10 ഉം ആലപ്പുഴ ജില്ലയിൽ 13 ഉം എറണാകുളം ജില്ലയിൽ 8 ഉം മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ബേസ് സ്റ്റേഷനുകളും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പിന് 200 വയർലെസ്സ് വാക്കിടോക്കിയും വിതരണം ചെയ്തുകഴിഞ്ഞു. ഈ മേഖലയൊക്കെ പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ രക്ഷാപ്രവർത്തനത്തിനുവേണ്ടിയുള്ള പെട്രോൾ വെസ്സൽസ്സ്, മത്സ്യഫെഡ് ഓഫീസുകൾ, ജില്ലാ മത്സ്യഫെഡ് ഓഫീസുകൾ എന്നിവയേയും ഈ ശൃംഖലയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. മത്സ്യകൂട്ടങ്ങളുടെ നീക്കം കമ്പ്യൂട്ടറിൽ ഇന്റർനെറ്റ് വഴി ശേഖരിച്ച് അപ്പപ്പോൾ വയർലസ്സ് ശൃംഖലവഴി മത്സ്യ തൊഴിലാളികളെ അറിയിക്കാനും കാലാവസ്ഥാമുന്നറിയിപ്പ് നൽകാനും അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കരയിലേക്ക് ബന്ധപ്പെട്ട് രക്ഷാപ്രവർത്തനങ്ങൾ അഭ്യർത്ഥിക്കാനും ഈ സംവിധാനം വഴി കഴിയും. മത്സ്യത്തിന്റെ ലഭ്യത, വില തുടങ്ങിയ കാര്യങ്ങൾ അപ്പപ്പോൾ മോണിറ്ററിംഗ് നടത്തി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡുമായി ബന്ധപ്പെടാനും കിട്ടുന്ന വിവരങ്ങൾ അവർക്ക് മനസ്സിലാകുന്ന തരത്തിൽ ഫാക്സ് വഴി മത്സ്യഫെഡിൽ എത്തിക്കാനും പുതിയ സംവിധാനം വഴി ഇന്റർനെറ്റിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കാനും മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലാകുന്ന രൂപത്തിൽ വയർലെസ്സ് വഴി എത്തിച്ചു കൊടുക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീമതി ആർ. ലതാദേവി : ഉപഗ്രഹ സഹായത്തോടുകൂടി മത്സ്യസമ്പത്ത് കണ്ടെത്തുന്നതിന് നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകിച്ച് സാമ്പത്തിക ചെലവ് ഏറ്റെടുക്കേണ്ടി വരുമോ ; എങ്കിൽ അത് എത്രത്തോളമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ? അതോടൊപ്പം ഈ സംവിധാനം കൊണ്ടുള്ള പ്രയോജനം എന്നു മുതൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം അഞ്ചുതെങ്ങിൽ വച്ച് നടത്തിക്കഴിഞ്ഞു. അതിന്റെ ചെലവ് മുഴുവനും ഗവൺമെന്റ് വഹിക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതുപോലുള്ള സ്ഥലങ്ങളിൽ ഗ്രൂപ്പുകളായി മത്സ്യത്തൊഴിലാളി സംഘങ്ങൾ ഇതിന്റെ ചെലവ് അടയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ പൊഴിയൂർ, പൂവാർ, പള്ളം, അടിമലത്തുറ, വിഴിഞ്ഞം, പൂന്തുറ, പുത്തൻതോപ്പ് എന്നീ കേന്ദ്രങ്ങളിൽ സുഗമമായി ഇത് പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. എറണാകുളം വരെയുള്ള ഭാഗത്ത് വാർത്താവിനിമയ ശൃംഖല വഴി വിവരങ്ങൾ എത്തിക്കാനുള്ള ഏർപ്പാടാണ് ചെയ്തിട്ടുള്ളത്. അതിനു വടക്കോട്ടുള്ള ഭാഗത്ത് തുടർന്ന് നടത്തുന്നതാണ്.

ശ്രീ. പി. രാജു : ഉപഗ്രഹ സഹായത്തോടെ മത്സ്യ സമ്പത്ത് കണ്ടെത്താനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അതിനേക്കാൾ അപകടകരമായ അവസ്ഥയാണ് ഉണ്ടാകുന്നത്. മത്സ്യ സമ്പത്ത് ഉപഗ്രഹ സഹായത്തോടെയും മറ്റ് ആധുനിക സംവിധാനം ഉപയോഗപ്പെടുത്തിയും കണ്ടെത്താനും അവ ഒന്നാകെ പിടിച്ചെടുക്കാനും കഴിയുന്ന വിദേശ ട്രോളറുകൾ നമ്മുടെ പരിസരപ്രദേശങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഉപഗ്രഹ സഹായത്തോടെ മത്സ്യ സമ്പത്ത് കണ്ടെത്താൻ നടപടി സ്വീകരിക്കുന്നതോടൊപ്പം മത്സ്യം പിടിച്ചുകൊണ്ടു പോകാനുള്ള സജീവമായ നീക്കം വിദേശട്രോളറുകളുടെ സഹായത്തോടെ നടക്കുന്നത് തടയാൻ എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നമ്മുടെ ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം നേരിട്ടും മറ്റ് കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയും അവരെക്കൊണ്ട് നടപടി എടുപ്പിക്കാൻ ശ്രമിക്കാം. ഇപ്പോൾ വിദേശ ട്രോളറുകൾ നമ്മുടെ തുറമുഖത്തു എണ്ണയെടുക്കാൻ വരുന്നത് തടയുന്നതിന് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നടപടി എടുപ്പിച്ചിട്ടുണ്ട്. അതുപോലെ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നടപടിയെടുപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. രാജു : മത്സ്യബന്ധന ബോട്ടുകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്താൻ നടപടി ആരംഭിച്ചിട്ടുണ്ടെന്ന് മനസ്സിലാകുന്നു. ഇപ്പോൾത്തന്നെ തീരപ്രദേശങ്ങളിലെ ചെറിയ ചെറിയ ബോട്ടുകൾ ഉപയോഗപ്പെടുത്തി മത്സ്യ ബന്ധനം നടത്താൻ 5 കിലോമീറ്ററിനുള്ളിൽ പോകുന്നവർക്കും അപ്പപ്പോൾ വിവരങ്ങൾ നൽകുന്നതിന് വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുമോ ; ഇങ്ങനെ ഉപഗ്രഹ സഹായത്തോടെ കിട്ടുന്ന വിവരങ്ങൾ മത്സ്യബന്ധനം നടത്തുമ്പോൾതന്നെ ബോട്ടുകളേയും ചെറിയ സംവിധാനങ്ങളേയും അറിയിക്കാൻ സംവിധാനം ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യം പിടിക്കാൻ പോകുന്ന തൊഴിലാളികളെ മത്സ്യം എവിടെയുണ്ടെന്ന് അറിയിക്കുകയും അപകടത്തിൽപ്പെടുന്ന തൊഴിലാളികളിൽ നിന്ന് കരയിലേക്ക് (ഹെഡ്ഡ്രാഫീസ്) വിവരം അറിയിച്ചാൽ ആ വിവരം മത്സ്യഭവനുകൾവഴി താഴേക്ക് എത്തിച്ചു കൊടുക്കാനുള്ള സംവിധാനമാണ് ഇപ്പോൾ ഉള്ളത്. ഇത് ഇപ്പോൾ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള പ്രദേശത്തും തുടർന്ന് മലബാർഭാഗത്തേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കും.

ശ്രീ. സി. എൻ. ജയദേവൻ : ഉൾനാടൻ മത്സ്യസമ്പത്തുകൾ ഏറെ സംരക്ഷിക്കപ്പെടുന്ന സ്ഥലങ്ങളിലൊന്നാണ് പീച്ചി തടാകം. ഈ തടാകവുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗ മത്സ്യ സഹകരണ സംഘം രൂപീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ തടാകത്തിൽ നിക്ഷേപിക്കും. അവ വളർച്ച എത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമേ ഇതിനെ പിടിക്കാൻ അധികാരമുള്ളൂ. അത് നിരന്തരമായി ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെടാറുണ്ടോ ; ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, മത്സ്യ മേഖലയിൽ ആദിവാസികളും ഹരിജനങ്ങളും സഹകരണ സംഘങ്ങൾ ഉണ്ടാക്കി മത്സ്യം പിടിക്കാനുള്ള അവകാശം വാങ്ങിയിട്ടുണ്ട്. അത് ലംഘിക്കുന്ന സ്ഥലങ്ങളിൽ ഇത് തടയാൻ ആവശ്യമായ നടപടിയെടുക്കാം. പക്ഷേ എല്ലായിടത്തും ഇത് ലംഘിക്കുന്നു എന്നു പറയുന്നത് ശരിയല്ല. ഇപ്പോൾത്തന്നെ മലമ്പുഴ ഭാഗത്തും മറ്റും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി മത്സ്യം പിടിക്കാനുള്ള അവകാശം അവർക്ക് കൊടുത്തിട്ടുണ്ട്. പക്ഷേ അവർ അത് വേണ്ടവിധത്തിൽ ശ്രദ്ധിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. അതിൽനിന്നുള്ള ആദായം ആദ്യം 25 ശതമാനം എടുക്കാനും പിന്നീട് മുഴുവനും എടുക്കാനും സൗകര്യം കൊടുത്തിട്ടും അത് വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നില്ല എന്നാണ് വിവരം കിട്ടിയിട്ടുള്ളത്. അത് തടയാൻ നടപടി എടുക്കുന്നതാണ്.

ശ്രീ. സി. എൻ. ജയദേവൻ : 'ആഫ്രിക്കൻ മുശു' എന്നറിയപ്പെടുന്ന മത്സ്യം നമ്മുടെ രാജ്യത്ത് നിരോധിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. എന്നാൽ വ്യാപകമായി ചില പ്രദേശങ്ങളിൽ ഇത് വളർത്തുന്നു. ഇക്കാര്യത്തിൽ എന്തു നിലപാടാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എവിടെയാണോ അത് ലംഘിക്കപ്പെടുന്നത് ആ വിവരം ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പ്രകാശ് ബാബു : മത്സ്യക്കൂട്ടങ്ങളുടെ ഉറവിടം അവയുടെ ചലനങ്ങൾ തുടങ്ങിയവയെല്ലാം വയർലെസ് വഴി എത്തിക്കുന്നതിനുള്ള സംവിധാനമാണ് മത്സ്യഫെഡ്ഡിനുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കി. ഈ ആധുനിക സംവിധാനം മത്സ്യഫെഡ്ഡിന്റെ മത്സ്യബന്ധന ബോട്ടുകളിൽക്കൂടി ലഭ്യമാകത്തക്കവിധത്തിൽ അതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതുവരെ ആലോചിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പ്രകാശ്ബാബു : ഡാമുകളുടെ റിസർവോയറിൽ ജനകീയ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന സംവിധാനം തുടങ്ങിയിരുന്നു. എന്നാൽ ആ മത്സ്യം പിടിക്കുന്നതിന് കഴിയാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ആദിവാസികളുടെ സൊസൈറ്റികൾക്ക് അതിനുള്ള അനുമതി ലഭ്യമാക്കി അവ പിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മുഴുവൻ റിസർവോയറിലും മത്സ്യം വളർത്തുന്നതിനും അവയെ പിടിക്കുന്നതിനുമുള്ള അനുമതി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ബാബു ദിവാകരൻ : റിമോട്ട് സെൻസിംഗ് വഴി മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തികഴിഞ്ഞാൽ വലിയ ട്രോളറുകൾ ആ മേഖലയിൽ എത്തി അവ പരമാവധി ചൂഷണം ചെയ്തു വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ മേഖലയിലെ ട്രോളറിൽ വച്ചുതന്നെ എല്ലാവിധ പ്രോസ്സസ്സിംഗും കഴിഞ്ഞ് വൻതോതിൽ സ്റ്റോർ ചെയ്യുന്നുമുണ്ട്. ഇതിനൊരു നിയന്ത്രണം ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. സ്വകാര്യ മേഖലയിലെ വലിയ ട്രോളറുകൾ ഇത്തരം മേഖലയിൽ മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുന്നത് തടയാൻ കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ചിരുന്നു. പുതിയ ട്രോളറുകൾക്ക് ലൈസൻസ് കൊടുക്കാതിരിക്കുന്നതിനെപ്പറ്റി തീരുമാനം എടുത്തിട്ടുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളിൽ നിയന്ത്രണമേർപ്പെടുത്താൻ നമുക്ക് അധികാരമില്ല. എങ്കിലും ഇത് പൂർണ്ണമായും തടയുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിവരുകയാണ്.

ശ്രീ. ബാബു ദിവാകരൻ : മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുന്നതിന് സ്വകാര്യ ബോട്ടുകളിൽ പല ആധുനിക സംവിധാനങ്ങളുമുണ്ട്. അത്തരം സംവിധാനങ്ങൾ ചെറുകിട മത്സ്യബന്ധന തൊഴിലാളികൾക്കും ലഭ്യമാകത്തക്ക വിധത്തിൽ ആ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യവകുപ്പിന് ആ സൗകര്യങ്ങളെല്ലാമുള്ള നാലഞ്ച് ബോട്ടുകളുണ്ട്. ആ സംവിധാനങ്ങൾ ഉണ്ടാക്കുകയെന്നത് വളരെ ചെലവേറിയ കാര്യമാണ്. അതുകൊണ്ടാണ് നാലഞ്ച് ബോട്ടുകളിൽ മാത്രമായി ഇത് പരിമിതപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : മത്സ്യ സമ്പത്തിന്റെ പ്രജനനത്തിനും വളർച്ചയ്ക്കും സഹായകരമായത് കടലിലെ ആവാസ വ്യവസ്ഥയാണ്-അവയ്ക്ക് തങ്ങാൻ കഴിയുന്ന സാഹചര്യമാണ്. വിദേശ ട്രോളറുകളുടെ വരവോടെ അത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തീരപ്രദേശത്ത് മത്സ്യസമ്പത്ത് വളരാൻ കഴിയുന്ന കൃത്രിമ പാരുകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃത്രിമ പാരുകൾ കടലിൽ പല സ്ഥലങ്ങളിലും നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഫലമായി കൂടുതൽ മത്സ്യസമ്പത്തുണ്ടാക്കാനും സാധിച്ചിട്ടുണ്ട്.

(ചോദ്യകർത്താവ് സഭയിൽ ഹാജരാകാതിരുന്നതിനാൽ നക്ഷത്രചിഹ്നമിട്ട 266-ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

സമുദ്രോൽപ്പന്നങ്ങളുടെ ഇറക്കുമതി

5 (*267) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്രോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇറക്കുമതിമൂലം കേരളത്തിലെ മത്സ്യത്തിന്റെ വിലയിടിവ് എത്രത്തോളമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് വ്യക്തമാക്കുമോ ;

(ഡി) ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി : (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി&സി) ഓപ്പൺ ജനറൽ ലിസ്റ്റിൽപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ മത്സ്യവും, മത്സ്യോൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്. കൂടിയ നിരക്കിലുള്ള ഇറക്കുമതി ചുങ്കം (44%) നൽകുക, ഇറക്കുമതി ചെയ്യുന്ന മത്സ്യവും മത്സ്യോൽപ്പന്നങ്ങളും സംസ്ക്കരണത്തിനുശേഷം കയറ്റുമതി ചെയ്തുകൊള്ളാമെന്ന വ്യവസ്ഥ പാലിക്കുക എന്നിവയ്ക്ക് വിധേയമായാണ് ലൈസൻസ് നൽകുന്നത്. മത്സ്യത്തിന്റേയും മത്സ്യോൽപ്പന്നങ്ങളുടേയും ഇറക്കുമതി കാര്യമായ തോതിൽ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഓപ്പൺ ജനറൽ ലൈസൻസ് പട്ടികയിൽ നിന്നും മത്സ്യവും മത്സ്യോൽപ്പന്നങ്ങളും നീക്കം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : 'ബി' ക്കും 'സി' ക്കും നൽകിയ ഉത്തരത്തിൽ മത്സ്യോൽപ്പന്നങ്ങളുടെ ഇറക്കുമതി നടന്നിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly